**പതിനാലാം കേരള നിയമസഭ-**
**പതിനാറാം സമ്മേളനം-**
**നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2279-**
**2019 നവംബർ 05-നുള്ള (ചൊവ്വ) മറുപടിയ്ക്ക്**

<u>ഹൗസ് ബിൽഡിംഗ് അഡ്വാൻസ്</u>

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|
| എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ബാങ്ക് മുഖേനയാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ; | 05/07/2018-ലെ ജി.ഒ.(പി)105/2018/ഫിൻ, 11/09/2018-ലെ ജി.ഒ.(പി)143/2018/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ജീവനക്കാർക്കുള്ള പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ജീവനക്കാർ ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക്/ബാങ്കിംഗ് ഇതര സ്ഥാപനങ്ങളിൽ നിന്ന് അർഹതയ്ക്കനുസരിച്ച് എടുക്കപ്പെടുന്ന ഭവന വായ്പയ്ക്ക് സർക്കാർ 3.25% നിരക്കിൽ സബ്സിഡി നൽകുന്നതായിരിക്കും. സബ്സിഡിയ്ക്കായി ബാങ്കിൽ നിന്നുള്ള ജീവനക്കാരന്റെ വായ്പാ തുക, മുൻ സാമ്പത്തിക വർഷത്തിലെ മാർച്ച് മാസത്തിലെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി (പരമാവധി 20 ലക്ഷം രൂപ) മാത്രമേ ആകുവാൻ പാടുള്ളൂ. വായ്പാ കാലാവധിയ്ക്ക് വിധേയമായി സബ്സിഡി പരമാവധി 18 വർഷം വരെ മാത്രമാണ് നൽകുന്നത്. ടി പദ്ധതി പ്രകാരം ജീവനക്കാർക്ക് ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും വായ്പാ തീരുന്നതുവരെ ആയത് മാറ്റുവാനും പാടുള്ളതല്ല. ജീവനക്കാർ ഡിഡിഒ-മാരിൽ നിന്ന് NOC ലഭ്യമാക്കി അസ്സൽ വായ്പാ രേഖകളും കൂടി ബാങ്കിൽ സമർപ്പിക്കേണ്ടതും വായ്പ ലഭ്യമാക്കിയ ശേഷം ബാങ്കിൽ നിന്നുള്ള വായ്പാ അനുമതിപത്രം ഡിഡിഒ-യ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട ഡെഡിക്കേറ്റഡ് സോഫ്റ്റ് വെയർ (നിർമ്മാണ ഘട്ടത്തിലാണ്) മുഖേന ഡിഡിഒ-മാർ ജീവനക്കാരുടെ വായ്പാ വിവരങ്ങൾ ധനകാര്യ വകുപ്പിലേയ്ക്ക് അറിയിക്കേണ്ടതും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് അർഹരായ ജീവനക്കാരെ സബ്സിഡിയ്ക്ക് പരിഗണിക്കുന്നതുമാണ്. സബ്സിഡി ലഭിക്കുന്നതിനായി വായ്പാ തിരിച്ചടവ് വിവരങ്ങൾ സംബന്ധിച്ച് ബാങ്കുകൾ അതാത് ഡിഡിഒ-മാർക്ക് വാർഷിക റിപ്പോർട്ട് നൽകേണ്ടതും അത് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. അങ്ങനെ ലഭ്യമാക്കാത്ത ജീവനക്കാർക്ക് പലിശ സബ്സിഡി തുടർന്ന് അനുവദിക്കുന്നതല്ല. |
| ബി) നിലവിൽ ബാങ്കുകളിൽ നിന്നും ഭവന വായ്പ എടുത്തിട്ടുള്ള സംസ്ഥാന സർക്കാർ | പുതുതായി ഭവനം നിർമ്മിക്കുന്നതിനോ /വീടും സ്ഥലവും/ ഫ്ലാറ്റ് വാങ്ങുന്നതിനോ മാത്രമുള്ള അപേക്ഷകളാണ് |

| | |
|---|---|
| ജീവനക്കാർക്ക് പ്രസ്തുത ലോണുകൾ ബാങ്ക് മുഖേനയുള്ള പുതിയ എച്ച്.ബി.എ പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് സാധ്യമാണോയെന്ന് വ്യക്തമാക്കാമോ? | സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ഉൾപ്പെടുന്നത്. പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാ പദ്ധതിയിലും പുതുതായി ഭവനം നിർമ്മിക്കുന്ന/വീടും സ്ഥലവും/ ഫ്ലാറ്റ് വാങ്ങുന്ന- അപേക്ഷകൾ മാത്രമാണ് പരിഗണിക്കപ്പെടുന്നത്. 2018-19 സാമ്പത്തിക വർഷം മുതലാണ് സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേന ആക്കിയിട്ടുള്ളത്. ടി സാമ്പത്തിക വർഷത്തിന് മുൻപ് സർക്കാർ നേരിട്ട് ജീവനക്കാർക്ക് ഭവന വായ്പ നൽകിയിട്ടുള്ളതാണ്. ആ കാലഘട്ടത്തിൽ ജീവനക്കാർ സർക്കാരിൽ നിന്ന് തന്നെ യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവന വായ്പ എടുത്തിരുന്നത്. ആയതിനാൽ നിലവിൽ ബാങ്കുകളിൽ നിന്നും ഭവന വായ്പ എടുത്തിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രസ്തുത ലോണുകൾ ബാങ്ക് മുഖേനയുള്ള പുതിയ എച്ച്.ബി.എ പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് സാധ്യമല്ല. |

Bema

**സെക്ഷൻ ഓഫീസർ**